ഡയറക്ടർമാർ മുഖേന ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർമാരെ അറിയിക്കുകയും ജില്ലാ പ്രൊബേഷൻ ഓഫീസർമാർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ പ്രവേശനം അംഗീകരിക്കുകയും ചെയ്യുന്നു.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ഗ്രാന്റിന്റെ അപേക്ഷ പരിഗണിക്കുന്ന സമയത്ത് പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിക്കാറുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നിയന്ത്രണം സർക്കാരിനാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾ ഉൾപ്പെടെയുള്ള ധർമ്മ സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കുന്നതും അവയെ നിയന്ത്രിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡ് ആണ്. ഇവയുടെ പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ പ്രൊബേഷൻ ഓഫീസർ കൺവീനറും ഉൾപ്പെടെ 11 അംഗങ്ങൾ ഉൾക്കൊള്ളുന്ന ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 750രൂപയും മരുന്നിന് പ്രതിമാസം 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000 രൂപയും നിരക്കിൽ തുക നൽകിവരുന്നു.

സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് സംസ്ഥാന സർക്കാർ ഒരു അന്തേവാസിക്ക് പ്രതിമാസം 200- രൂപ നിരക്കിൽ ഗ്രാൻറ് നൽകിവരുന്നു. ഇത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളായതിനാൽ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്യുന്നു.

(ഇ) വയോജനങ്ങളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരൻസ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ഉം റൂൾസ് 2009-ഉം നിലവിൽ വന്നിട്ടുണ്ട്.

അംഗീകൃത വൃദ്ധ സദനങ്ങളുടെയും അനാഥാലയങ്ങളുടെയും എണ്ണം

83 (6242) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത വൃദ്ധസദനങ്ങളും അനാഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു അന്തേവാസിക്ക് സർക്കാർ നൽകുന്ന ഗ്രാന്റ് എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) അനധികൃത സ്ഥാപനങ്ങൾ കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് അംഗീകൃതമായ 15 വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 1451 അനാഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്ഥാപനത്തിൽ അഡ്മിഷൻ നൽകുമ്പോൾ സൂപ്രണ്ടുമാർ സാമൂഹ്യക്ഷേമ വകുപ്പ് മേഖല അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ആഫീസർമാരെ അറിയിക്കുകയും ജില്ലാ പ്രൊബേഷൻ ആഫീസർമാർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ പ്രവേശനം അംഗീകരിക്കുകയും ചെയ്യുന്നു.

ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ ഗ്രാന്റിന്റെ അപേക്ഷ പരിഗണിക്കുന്ന സമയത്ത് പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച് രജിസ്റ്ററുകൾ പരിശോധിക്കാറുണ്ട്.

സ്ഥാപനത്തിന്റെ അംഗീകാരം നൽകുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ പരിശോധിക്കുന്ന സമയത്ത് അന്തേവാസികളുടെ പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാറുണ്ട്.

സർക്കാർ ഗ്രാന്റ് കൊടുക്കുന്ന വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ പരിശോധന നടത്താറുണ്ട്. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ പ്രവേശനം അംഗീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES.Kerala Legislative Assembly

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ഗ്രാന്റിന്റെ അപേക്ഷ പരിഗണിക്കുന്ന സമയത്ത് പ്രവേശനവും ഡിസ്ചാർജ്ജും സംബന്ധിച്ച് രജിസ്റ്ററുകൾ പരിശോധിക്കാറുണ്ട്.

സ്ഥാപനത്തിന്റെ അംഗീകാരം നൽകുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ പരിശോധിക്കുന്ന സമയത്ത് അന്തേവാസികളുടെ പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാറുണ്ട്.

സർക്കാർ ഗ്രാന്റ് കൊടുക്കുന്ന വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ പരിശോധന നടത്താറുണ്ട്. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിലേക്കായി പ്രതിമാസം 750 രൂപയും മരുന്നിന് 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000 രൂപ നിരക്കിലും തുക അനുവദിച്ച് നൽകി വരുന്നു.

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കു പ്രതിമാസം 200 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഡി) അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തി യഥാസമയം നടപടികൾ സ്വീകരിക്കുവാനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ പ്രൊബേഷൻ ആഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

84 (6243) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബോർഡിന് സ്ഥിരമായി സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവർ എന്നുമുതലാണ് ബോർഡിൽ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ മെമ്പർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly